പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *88 | 30.10.2019- ൽ മറുപടിക്ക്

## അതിഥി തൊഴിലാളികൾക്ക് ഫെസിലിറ്റേഷൻ സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>,, ജെയിംസ് മാത്യു<br>,, എം. നൗഷാദ്<br>,, പി.വി. അൻവർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന അതിഥി തൊഴിലാളികൾക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ എവിടെയെല്ലാമാണ് അവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെന്ററുകൾ മുഖേന ലഭ്യമാക്കുന്നതെന്നും അറിയിക്കാമോ; | (എ) യും (ബി) യും ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ "ശ്രമിക് ബന്ധു" എന്ന പേരിൽ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഫെസിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ മറ്റു ജില്ലകളിലും ഫെസിസിലേറ്റഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യ, യാത്ര സംബന്ധമായ എല്ലാ ആവശ്യങ്ങളിലും ഫെസിലേറ്റഷൻ സെന്റർ മുഖേന മാർഗ്ഗ നിർദ്ദേശം നൽകി വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവത്ക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുവാനും ഫെസിലിറ്റേഷൻ സെന്റർ മുഖേന കഴിയുന്നു. നിർമ്മാണ മേഖലയിലെ ജോലിക്കിടെ അപകടത്തിൽപെട്ട് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർ തലത്തിൽ നിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ ഫെസിലിറ്റേഷൻ സെന്റർ മുഖേന സഹായം നൽകുന്നു. കൂടാതെ ആവാസ് ഇൻഷ്വറൻസ് സ്കീമിന്റെ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷനും ഫെസിലിറ്റേഷൻ സെന്റർ മുഖേന നടത്തിവരുന്നു. |
| (സി) | അതിഥി തൊഴിലാളികളുമായി ആശയ വിനിമയം നടത്തുന്നതിനും അവർക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ സംബന്ധിച്ച് ബോധവാന്മാരാക്കുന്നതിനും ഭാഷാപരിജ്ഞാനമുള്ള വോളണ്ടിയർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ തൊഴിലാളികളുടെ ഇടയിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2019-20 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.